# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 2521 — 09.12.2014-ൽ മറുപടിയ്ക്ക്

## എസ്.റ്റി.പ്രൊമോട്ടർമാർ

**ചോദ്യം**
**ശ്രീ.കെ.അജിത്**

**മറുപടി**
**കുമാരി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഇപ്പോൾ എത്ര എസ്.റ്റി.പ്രൊമോട്ടർമാർ ജോലി ചെയ്യുന്നുവെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്ത് ഇപ്പോൾ 1168 എസ്.റ്റി. പ്രൊമോട്ടർമാർ ജോലി ചെയ്യുന്നു. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം I ആയി ചേർക്കുന്നു. |
| ബി) | എസ്.റ്റി. പ്രൊമോട്ടർമാരെ തിരഞ്ഞെടുക്കുന്നതിനുള്ള യോഗ്യതയും മാനദണ്ഡങ്ങളും എന്തെല്ലാമാണ്; ഇത് ഒരു സ്ഥിരം തസ്തികയാണോ; വ്യക്തമാക്കുമോ; | ബി) | എസ്.റ്റി.പ്രൊമോട്ടർമാരുടെ മിനിമം വിദ്യാഭ്യാസ യോഗ്യത 8-ാം ക്ലാസ്സും പ്രായപരിധി 25-നും 50-നും മദ്ധ്യേയുമായിരിക്കണം. കൂടാതെ ഹെൽത്ത് പ്രൊമോട്ടർമാരായി നിയമനം ലഭിക്കണമെങ്കിൽ നേഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ പഠിച്ചവർക്കും ആയുർവേദം/ പാരമ്പര്യവൈദ്യം എന്നിവയിൽ പ്രാവീണ്യം നേടയവരുമായിരിക്കണം. മാനദണ്ഡം അനുബന്ധം II ആയി ചേർക്കുന്നു. ഇത് ഒരു സ്ഥിരം തസ്തികയല്ല. |
| സി) | എസ്.റ്റി.പ്രൊമോട്ടർക്കു നിശ്ചയിക്കപ്പെട്ടിട്ടുള്ള ജോലി എന്താണ് ഇവർക്കു നിശ്ചയിച്ചിട്ടുള്ള വേതനം എത്രയെന്ന് വ്യക്തമാക്കുമോ; | സി) | സർക്കാരിന്റെ വിവിധ വകുപ്പുകൾ, ഏജൻസികൾ തുടങ്ങിയവ നടത്തുന്ന വിവിധ ക്ഷേമ പ്രവർത്തനങ്ങൾ ഗുണഭോക്താക്കളിൽ എത്തിക്കുക, പട്ടികവർഗ്ഗക്കാരെയും സർക്കാരിനേയും തമ്മിൽ |

| | | | |
|---|---|---|---|
| | | | ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി പ്രവർത്തിക്കുക, സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന പട്ടികവർഗ്ഗക്കാർക്ക് ആവശ്യമായ ചികിത്സ ഉറപ്പാക്കുക എന്നിവയാണ് പട്ടികവർഗ്ഗ/ഹെൽത്ത് പ്രൊമോട്ടർമാരുടെ കർത്തവ്യങ്ങൾ. പട്ടികവർഗ്ഗ/ ഹെൽത്ത് പ്രൊമോട്ടർമാർക്ക് പ്രതിമാസം 4000/- രൂപ ഓണറേറിയവും, ഹെൽത്ത് പ്രൊമോട്ടർമാർക്ക് ഓണറേറിയത്തിന് പുറമേ 500/- രൂപ യാത്രാ ബത്തയും നൽകി വരുന്നു. |
| ഡി) | പല എസ്.റ്റി.പ്രൊമോട്ടർമാരും കൃത്യമായ വിവരശേഖരണം നടത്തി വകുപ്പിനെ അറിയിക്കാത്തതുമൂലം ആദിവാസി സമൂഹങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ഡി) | പട്ടികവർഗ്ഗ പ്രൊമോട്ടർ കൃത്യമായ വിവര ശേഖരണം നടത്താതെ പട്ടികവർഗ്ഗ സമൂഹങ്ങൾക്ക് ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്ന ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടെങ്കിലും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ സമയോചിതമായ ഇടപെടലുകൾ മൂലം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ കഴിയുന്നുണ്ട്. ഇപ്രകാരം ഏതെങ്കിലും പ്രൊമോട്ടർമാർ കർത്തവ്യം നിറവേറ്റുന്നില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടാൽ യഥാസമയം അവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

| ക്രമ നം | ഓഫീസിന്റെ പേര് | ആകെ എണ്ണം | ആകെ. എസ്.റ്റി പ്രമോട്ടർ | ആകെ ഹെൽത്ത് പ്രമോട്ടർ |
|---|---|---|---|---|
| 1 | പ്രോജക്ട് ഓഫീസ് ഐ.റ്റി.ഡി.പി. നെടുമങ്ങാട് | 52 | 45 | 7 |
| 2 | പ്രോജക്ട് ഓഫീസ് ഐ.റ്റി.ഡി.പി.കാഞ്ഞിരപ്പള്ളി | 39 | 25 | 14 |
| 3 | പ്രോജക്ട് ഓഫീസ് ഐ.റ്റി.ഡി.പി.ഇടുക്കി | 91 | 87 | 4 |
| 4 | പ്രോജക്ട് ഓഫീസ് ഐ.റ്റി.ഡി.പി.അട്ടപ്പാടി | 145 | 135 | 10 |
| 5 | പ്രോജക്ട് ഓഫീസ് ഐ.റ്റി.ഡി.പി.നിലമ്പൂർ | 50 | 40 | 10 |
| 6 | പ്രോജക്ട് ഓഫീസ് ഐ.റ്റി.ഡി.പി.കൽപ്പറ്റ | 78 | 76 | 2 |
| 7 | പ്രോജക്ട് ഓഫീസ് ഐ.റ്റി.ഡി.പി.കണ്ണൂർ | 111 | 86 | 25 |
| 8 | ട്രൈബൽ ഡവലപ്മെന്റ് ഓഫീസ് പുനലൂർ | 34 | 24 | 10 |
| 9 | ട്രൈബൽ ഡവലപ്മെന്റ് ഓഫീസ് റാന്നി | 47 | 35 | 12 |
| 10 | ട്രൈബൽ ഡവലപ്മെന്റ് ഓഫീസ് മുവാറ്റുപുഴ | 33 | 30 | 3 |
| 11 | ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്ചാലക്കുടി | 40 | 35 | 5 |
| 12 | ട്രൈബൽ ഡവലപ്മെന്റ് ഓഫീസ് പാലക്കാട് | 40 | 36 | 4 |
| 13 | ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്കോഴിക്കോട് | 42 | 36 | 6 |
| 14 | ട്രൈബൽ ഡവലപ്മെന്റ് ഓഫീസ് സുൽത്താൻ ബത്തേരി | 144 | 140 | 4 |
| 15 | ട്രൈബൽ ഡവലപ്മെന്റ് ഓഫീസ് മാനന്തവാടി | 134 | 130 | 4 |
| 16 | ട്രൈബൽ ഡവലപ്മെന്റ് ഓഫീസ് കാസർഗോഡ് | 88 | 80 | 8 |
| | ആകെ | 1168 | 1040 | 128 |

Haripriya
സെക്ഷൻ ഓഫീസർ

## അനുബന്ധം - 2

## എസ്.റ്റി പ്രൊമോട്ടർ/ഹെൽത്ത് പ്രമോട്ടർ തെരഞ്ഞെടുപ്പ് മാനദണ്ഡം

| | |
|---|---|
| എ | വിദ്യാഭ്യാസ യോഗ്യത |
| | 8-ാം ക്ലാസ്സ് പാസ്സ് |
| | എസ്.എസ്.എൽ.സി |
| | +2 പാസ്സ് |
| | ഡിഗ്രി |
| | നഴ്സിംഗ്/അഡീഷണൽ കോളി ഫിക്കേഷൻസ് |
| ബി | മുൻപരിചയം |
| | ഒരു വർഷം മുതൽ 2 വർഷം വരെ |
| | രണ്ട് വർഷം മുതൽ 3 വർഷം വരെ |
| | 3 വർഷം മുതൽ മുകളിലോട്ട് |
| സി | പ്രാദേശിക വെല്ലുവിളികൾ നേരിടുന്ന സമുദായങ്ങൾക്കും അവിവാഹിതരായ അമ്മമാർക്കും |
| ഡി | ഇന്റർവ്യൂ |
| | സാമൂഹ്യ പ്രതിബദ്ധത<br>അർപ്പണ മനോഭാവം<br>സേവന സന്നദ്ധത<br>പ്രശ്നങ്ങൾ പഠിച്ച് പരിഹരിക്കുവാനുള്ള കഴിവ് |

ഒപ്പ്

Haripriya

സെക്ഷൻ ഓഫീസർ